# GAZETTE DATE : 28.11.2025
# LAST DATE : 31.12.2025

## GENERAL RECRUITMENT – STATEWIDE

## CATEGORY NO: 439/2025 – 440/2025

Applications are invited Online only through One Time Registration from qualified candidates for appointment in the under mentioned post in Kerala Government Service. Before applying for the post the candidates should register as per One Time Registration through the official website of Kerala Public Service Commission. Candidates who have already registered can apply through their profile.

1. **Department** : **Collegiate Education (Govt. Training Colleges)**
2. **Name of Post** : **Assistant Professor in Natural Science**
3. **Scale of pay** : **UGC Scale**
4. **Number of vacancies** : **1 (One)**

Note I: The above vacancy is now in existence. The Ranked list of selected candidates published by the Commission in response to this notification shall remain in force for a minimum period of one year provided that the said list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised from the said list against the aforesaid vacancy and the vacancies reported to the Commission during the period of the currency of the list.

Note II : 4% of the total vacancies reported shall be reserved for eligible Differently Abled candidates with disabilities as specified vide GO(P) No. 5/2023/SJD dated 01.10.2023 (for Direct Recruitment Only).

**(Link)**

Present Order for Rights of Persons with Disabilities Act, 2016 Section 34

5. **Method of appointment** : **I) By – Transfer Recruitment - (439/2025)**

Recruitment by transfer from Head masters and High School Teachers in the Kerala General Education Subordinate Service and Teachers of Government Higher Secondary Schools having the qualifications and experience prescribed for the post.

In the absence of qualified candidates for appointment under item (I) above, by direct recruitment.

**II) Direct Recruitment - (440/2025)**

Note :-

**Method of Direct Recruitment will be considered only in the absence of qualified candidates for recruitment by transfer.**

6. **Age limit** :
   1. For Recruitment By – Transfer: No upper age limit is prescribed
   2. For Direct Recruitment : 22-50; [Only candidates born between **02.01.1975** and **01.01.2003** (both dates included) are eligible to apply for this post.

7. **Qualifications** : **For Recruitment By - Transfer and Direct Recruitment**

1. Masters degree in the concerned subject with at least 50% marks or it's equivalent and good academic records.
   GO(P)No. 115/2008/H.Edn dt. 27.09.2008
2. M.Ed degree with not less than 55% marks
   GO(P)No. 102/2011/H.Edn dt. 19.07.2011
3. Three years teaching experience in Schools or Colleges after acquiring the Professional qualifications.
   GO (P) No. 41/94/H.Edn dtd 21.03.1994
4. Must have passed a comprehensive test specifically conducted for the purpose by UGC or any agency duly constituted by the State Government in this behalf.

   When qualifications are equal preference shall be given to candidates who possess adequate knowledge in Malayalam.

Note:-

I) Assistant Professor in Natural Science shall possess Msc degree in Botany/Zoology and must possess MEd with specialization in methods of teaching Natural Science.

II) The qualification prescribed for appointment shall stand revised in accordance with that fixed by the UGC/ State Government from time to time.

III) The educational qualifications prescribed as per GO(P)No. 115/2008/HEd dt. 27.09.2008 shall not be insisted in the case of those who were in service before 27.09.2008 ie, the date of publication of the Kerala Collegiate Education Service (Amendment) Special Rules, 2008.

IV) 1) Rule 10(a) ii of Part II of KS & SSR is applicable.

2) Candidates who have acquired Non-qualifying degrees viz. Ph.D/M.Phil/Post Doctoral Fellowship will be awarded weightage marks provided that such non-qualifying degrees shall be in the subjects pertaining to the basic qualification stipulated for the post.Weightage marks for non qualifying degrees for ranking will be awarded as detailed below.

Non-Qualifying M.Phil - 2 marks
Non-Qualifying Ph.D- 4 marks
Both M.Phil & Ph.D (Non-Qualifying) -5 marks
Post Doctoral Fellowship - 2 marks

3) Non-Qualifying degree means the additional qualifications which are earned apart from the qualifications insisted on as essential qualifications for the post. If Ph.D/M.Phil/Post Doctoral Fellowship is reckoned as necessary qualification for the post, weightage marks will not be awarded for it.

4) Weightage marks will be awarded only to those non-qualifying degrees which are claimed in the application and which are acquired on or before the last date for receipt of application.

5) The Degrees / Diplomas awarded by UGC approved Universities or Institutions established through an act passed by Parliament/State Legislative Assembly in accordance with the condition laid down in G.O (M.S) No.526/PD dated 17/07/1965 are acceptable for appointment in Government Services.

(Link)

https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

6) In addition to the qualifications prescribed in the notification, the qualifications recognized by executive orders or standing orders of Government as equivalent to a qualification specified for a post, in the special Rules or found acceptable by the commission in cases where acceptance of

equivalent qualifications is provided for in the rules and such of those qualifications which pre-suppose the acquisition of the lower qualification prescribed for the post, shall also be sufficient for the post. The copy of the Government orders declaring equivalent/higher qualifications shall be produced as and when required by the Commission.

**Exemptions:-** The Candidates having Ph. D Degree in the concerned subject are exempted from NET. Otherwise NET shall remain the compulsoray requirement for appointment as Assistant Professor in Collegiate Education Department in Training Colleges.
(GO(P)No. 86/07/H. Edn. Dated:19.06.2007)

**Reservation:-** Rules of reservation provided under rules 14 to 17 of part II of KS & SSR 1958 are not applicable in the case of Recruitment By-Transfer

V) Candidates who apply for By – Transfer recruitment should obtain a service certificate in original in the form mentioned below from the head of institution in which they are working as HM/HST/HSS Teacher and produce the same as and when required by the Commission.

## SERVICE CERTIFICATE

1. Name of the Candidate :
2. Name of the post held by the applicant with scale of pay :
3. Name of the Department in which now working :
4. Name of Service to which the applicant belongs :
5. Date of commencement of service and date of Commencement of Probation :
6. Whether the applicant is a Probationer or Approved probationer or full Member of the Service :
7. Service Particulars :

| Sl.No. | Name of post | Period | | Length of Service | | | Date of Declaration of Probation. |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Date | |
| | | | | | | | |
| **Total Service** | | | | | | | |

Certified that above details in respect of Sri/Smt…………………………………………....who is a probationer/approved probationer/Full member of the …………………..(Name of Service) have been verified by me with the service particulars as given in the service Book of the candidate and that they are found correct.

Also Certified that Sri/Smt…………………is eligible to apply for the post of Assistant Professor in Natural Science in Govt. Training Colleges of Collegiate Education Department in By Transfer Recruitment as per part 1 Rule 2(13) of KS&SSR 1958.

Place: Signature
Date: Name & Designation of the Head of Office
(Office Seal)

Candidates should obtain experience certificate in the format given in Annexure itself and enter details regarding experience (certificate number, date, name of post, period, issuing authority, name of institution etc) and upload scanned image of the same in the profile to make submission of application possible. Candidates should produce the original experience certificate as and when called for by the Commission for verification.

**CERTIFICATE OF EXPERIENCE**

Name of the School/Institution :

State whether Govt. /Aided/Private :

Registration No: & Date with issuing authority :
(for private institutions)

This is to certify that Sri/Smt.........................................................................................................................
(here enter Name & Address) has worked/has been working in this institution as Teacher on Rs.................
per day / per mensem for a period of ...........years .............months ....... days from ......../........./...........
to ........./........../.........(enter the details in DD/MM/YYYY format)

Signature with Date,

Name

Place: Designation of the Issuing Authority with
Date: Name of the Institution

(Office Seal)

**CERTIFICATE**

Certified that Sri/Smt ...................................................... mentioned in the above Experience Certificate has actually worked/is working as Teacher in the above institution during the period mentioned therein as per the entry in the ............................................... Register (mention the name of Register) maintained by the employer as per the provision of ...................................... Act (Name of the Act/Rules to be specified)

I am the authorised person to inspect the Resisters kept by the employer as per the provision of the Act/Rules of the ............................................. State/Central Act.

Signature with Date,

Place: Name of Attesting Officer with Designation and
Date: Name of Office, who is the notified enforcement officer as per Act/ Rules

(Office Seal)

Note:- (1) The experience certificate issued from Aided/Private schools or colleges should be countersigned by the concerned authority of Government.

(2) The genuineness of the certificate will be subjected to verification and if found bogus, legal action will be taken against the authorities who issued bogus certificate and the candidates who produce the same.

**8. Mode of submitting Application:-**

a) Candidates must register as per 'ONE TIME REGISTRATION' with the Official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and password. Candidates must click on the **'Apply Now'** button of the respective posts in the Notification Link to apply for the post. . **Candidates who create new Profile should upload their Photograph taken within a period of 6 months. Name of the candidate and the date of photograph taken should be printed legibly at the bottom portion.** The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the print out of the application by clicking on the link `My applications' in their profile. All correspondence with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original Documents to prove qualification, experience, age, Community etc. have to be produced as and when called for. The profile correction made by the candidates themselves or through the office of the KPSC on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

b) If written/OMR/Online Test is conducted as part of this selection, candidates shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calender itself. Information in this regard will be given to the candidates in their respective profiles and in the Mobile Phone Number rgistered in it.

c) “Candidates who have AADHAAR Card should add AADHAAR card as ID Proof in their profile.”

**9. Special Instructions to Candidates :-**

a) In the case of difference in Caste/Community claimed in the application for Direct Recruitmen and that entered in SSLC book, the candidate shall produce a Gazette Notification in this regard, along with Non Creamy Layer Certificate/Community Certificate at the time of certificate verification.

b) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General Conditions are liable to be rejected.

c) Appropriate disciplinary action as per Rule 22 of the Kerala Public Service Commission Rules of Procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

10 . Last date for receipt of applications :- **31.12.2025 Wednesday** up to 12 Midnight. If the said Wednesday is a holiday, the next working day shall be considered as the closing day.

11. **Website Address to which applications are to be sent:-** www.keralapsc.gov.in.
(Candidates must see the General Conditions in Part II of the Gazette Notification for instructions regarding Photo, ID Card etc.

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## ജനറൽ റിക്രൂട്ട്മെന്റ് – സംസ്ഥാനതലം
## കാറ്റഗറി നമ്പർ : 439/2025 – 440/2025

കേരള സർക്കാർ സർവ്വീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനകം രജിസ്റ്റർ ചെയ്തവർ അവരുടെ പ്രൊഫൈൽ മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1. **വകുപ്പ്** : **കോളേജ് വിദ്യാഭ്യാസം (ഗവ.ട്രെയിനിംഗ് കോളേജുകൾ)**
2. **ഉദ്യോഗപ്പേര്** : **അസിസ്റ്റന്റ് പ്രൊഫസർ ഇൻ നാച്ചുറൽ സയൻസ്.**
3. **ശമ്പളം** : **യു.ജി.സി നിരക്കിൽ**
4. **ഒഴിവുകളുടെ എണ്ണം** : **1 (ഒന്ന്)**

**കുറിപ്പ് 1 :** മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

**കുറിപ്പ് 2:** ആകെ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ 4% ഒഴിവുകൾ 01.10.2023 തീയതിയിലെ G.O(P) No. 5/2023/SJD നമ്പർ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

(Link)

Present Order for Rights of Persons with Disabilities Act, 2016 Section 34

5. **നിയമന രീതി** : I) തസ്തിക മാറ്റം വഴിയുള്ള നിയമനം – **(439/2025)**

കേരള ജനറൽ എഡ്യൂക്കേഷൻ സബോർഡിനേറ്റ് സർവ്വീസിലെ നിശ്ചിത യോഗ്യതയും പരിചയവുമുള്ള ഹെഡ് മാസ്റ്റർമാരിൽ നിന്നും, ഹൈസ്കൂൾ ടീച്ചർമാരിൽ നിന്നും, സർക്കാർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരിൽ നിന്നും തസ്തിക മാറ്റം വഴിയുള്ള നിയമനം.
ഇനം (1) ൽ പറഞ്ഞിരിക്കുന്ന യോഗ്യതയുള്ളവരുടെ അഭാവത്തിൽ നേരിട്ടുള്ള നിയമനം.

II) നേരിട്ടുള്ള നിയമനം – **(440/2025)**

**കുറിപ്പ്:-**

**തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭ്യമല്ലെങ്കിൽ മാത്രമേ നേരിട്ടുള്ള നിയമനം പരിഗണിക്കുകയുള്ളൂ.**

6. **പ്രായപരിധി :**
   1. തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ഉയർന്ന പ്രായപരിധിയില്ല.
   2. നേരിട്ടുള്ള നിയമനം:- 22-50. അപേക്ഷകർ 02.01.1975 നും 01.01.2003 നും ഇടയിൽ ജനിച്ചവർ ആയിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ).

7. **യോഗ്യതകൾ :** **തസ്തികമാറ്റം വഴിയുള്ള നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനും**
   1. ബന്ധപ്പെട്ട വിഷയത്തിൽ 50%(അൻപത് ശതമാനം) മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദം. കൂടാതെ മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരം പുലർത്തിയിരിക്കണം.
      GO(P)No. 115/2008/H.Edn dt. 27.09.2008
   2. 55% (അൻപത്തിയഞ്ച് ശതമാനം) മാർക്കിൽ കുറയാതെ നേടിയ എം.എഡ് ബിരുദം.
      GO(P)No. 102/2011/H.Edn dt. 19.07.2011
   3. പ്രൊഫഷണൽ യോഗ്യതകൾ നേടിയതിനുശേഷം സ്കൂളിൽ നിന്നോ കോളേജിൽ നിന്നോ നേടിയിട്ടുള്ള മൂന്നു വർഷത്തെ അദ്ധ്യാപന പരിചയം ഉണ്ടായിരിക്കണം.
      GO (P) No. 41/94/H.Edn dtd 21.03.1994

4. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനോ അല്ലെങ്കിൽ സംസ്ഥാന സർക്കാർ പ്രത്യേകം രൂപീകരിച്ച ഏജൻസിയോ ഇതിനായി നടത്തിയ സമഗ്ര പരീക്ഷ (കോംപ്രിഹെൻസീവ് ടെസ്റ്റ്) ജയിച്ചിരിക്കണം.

തുല്യ യോഗ്യതയുള്ളവരിൽ മലയാള ഭാഷയിൽ മതിയായ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നല്കുന്നതാണ്.

**കുറിപ്പ്:-**

I) നാച്ചുറൽ സയൻസിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയ്ക്ക് ബോട്ടണിയിലോ, സുവോളജിയിലോ എം.എസ്.സി ബിരുദവും മെതേഡ്സ് ഓഫ് ടീച്ചിംഗ് നാച്ചുറൽ സയൻസിൽ സ്പെഷ്യലൈസേഷനോടെയുള്ള എം എഡ് ഉം ആവശ്യമാണ്.

II) ടി തസ്തികയ്ക്ക് അനുശാസിച്ചിട്ടുള്ള യോഗ്യതകളിൽ യുജിസി/സംസ്ഥാന ഗവൺമെന്റ് മാറ്റങ്ങൾ വരുത്തുന്നതിനനുസരിച്ച് മാറ്റം വരാവുന്നതാണ്.

III) G.O.(P) No.115/2008/H.Edn പ്രകാരമുള്ള 'കേരള കോളേജിയേറ്റ് എഡ്യൂക്കേഷൻ സർവ്വീസ് (ഭേദഗതി) സ്പെഷ്യൽ റൂൾസ് 2008' നിലവിൽ വന്ന 27.09.2008 തീയതിക്ക് മുൻപ് സർവ്വീസിൽ പ്രവേശിച്ചവർക്ക് പ്രസ്തുത വിദ്യാഭ്യാസ യോഗ്യത നിബന്ധന ബാധകമല്ല.

IV) 1) KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

2) തസ്തികയിലേക്ക് നിഷ് കർഷിച്ചിട്ടുള്ള അടിസ്ഥാന യോഗ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അപേക്ഷകർ നേടിയിട്ടുള്ള പിഎച്ച്.ഡി/എം.ഫിൽ/പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നീ നോൺ ക്വാളിഫയിങ് ഡിഗ്രികൾക്ക് അധിക മാർക്ക് നൽകുന്നതാണ്. റാങ്കിങ്ങിനായി നോൺ ക്വാളിഫയിങ് യോഗ്യതകൾക്ക് അധിക മാർക്ക് നൽകുന്നത് താഴെ പറയുന്ന രീതിയിലായിരിക്കും.

നോൺ ക്വാളിഫയിങ് എം.ഫിൽ - 2 മാർക്ക്

നോൺ ക്വാളിഫയിങ് പിഎച്ച്.ഡി -4 മാർക്ക്

എം.ഫിൽ & പിഎച്ച്.ഡി (നോൺ ക്വാളിഫയിങ് ) - 5 മാർക്ക്

പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് - 2 മാർക്ക്

3)നോൺ ക്വാളിഫയിങ് യോഗ്യതകൾ എന്നർത്ഥമാക്കുന്നത് ഈ തസ്തികക്ക് ആവശ്യം വേണ്ടുന്ന യോഗ്യതകളായി നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് ഉപരിയായി കരസ്ഥമാക്കിയിട്ടുള്ള അധിക യോഗ്യതകളെയാണ്. അടിസ്ഥാന യോഗ്യതയായി പിഎച്ച്.ഡി/എം.ഫിൽ /പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവ പരിഗണിക്കപ്പെടുകയാണെങ്കിൽ ആയതിന് അധികമാർക്ക് അനുവദിക്കുകയില്ല.

4) അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിക്കുള്ളിൽ നേടിയിട്ടുള്ളതും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ളതും ആയ നോൺ-ക്വാളിഫയിങ് ഡിഗ്രികൾക്കു മാത്രമേ വെയ്റ്റേജ് മാർക്ക് നൽകുകയുള്ളു.

5) 17/07/1965-ലെ G.O(MS)No.526/PD യിലെ വ്യവസ്ഥകൾ പ്രകാരം പാർലമെന്റ്/സംസ്ഥാന നിയമസഭകൾ ഇവയിലേതെങ്കിലും പാസ്സാക്കിയ നിയമപ്രകാരം സ്ഥാപിതമായിട്ടുള്ളതോ UGC അംഗീകൃതമായിട്ടുള്ളതോ ആയ സർവ്വകലാശാലകൾ നൽകുന്ന ഡിഗ്രികൾ, ഡിപ്ലോമകൾ ഇവ സർക്കാർ സർവീസിലേക്കുള്ള നിയമനങ്ങൾക്ക് സ്വീകാര്യമാണ്.

(Link)
https://www.keralapsc.gov.in/sites/default/files/inline-files/circular_12_18_1.pdf

6) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**ഒഴിവാക്കൽ :** ബന്ധപ്പെട്ട വിഷയത്തിൽ പി.എച്ച്.ഡി. യോഗ്യത നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളെ നെറ്റ് പാസായിരിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പി.എച്ച്.ഡി. യോഗ്യത ഇല്ലാത്ത ഉദ്യോഗാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസവകുപ്പിലെ ട്രെയിനിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനത്തിന് NET നിർബന്ധമാണ്.
(19.06.2007 തീയതിയിലെ ജി.ഒ. (പി) നം.86/2007/ഉ.വി.വ നമ്പരായുള്ള സർക്കാർ ഉത്തരവ്).

**സംവരണം :** 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂളിലെ രണ്ടാം ഭാഗം 14 മുതൽ 17 വരെ ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ വ്യവസ്ഥകൾ തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് ബാധകമല്ല.

V) തസ്തികമാറ്റം വഴിയുള്ള നിയമനത്തിന് അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ (ഹെഡ് മാസ്റ്റർ/ഹൈസ്കൂൾ ടീച്ചർ/ഹയർസെക്കന്ററി സ്കൂൾ ടീച്ചറായി ജോലി ചെയ്യുന്നവർ) മേലധികാരിയിൽ നിന്നും റെഗുലർ സർവ്വീസിലാണെന്ന് തെളിയിക്കുന്ന സർവ്വീസ് സർട്ടിഫിക്കറ്റ് താഴെ കൊടുത്തിരിക്കുന്ന ഫോറത്തിൽ വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

## SERVICE CERTIFICATE

1 Name of the Candidate :

2 Name of the post held by the applicant with scale of pay :

3 Name of the Department in which now working :

4 Name of Service to which the applicant belongs :

5 Date of commencement of service and date of Commencement of Probation :

6 Whether the applicant is a Probationer or Approved probationer or full Member of the Service :

7 Service Particulars :

| Sl.No. | Name of post | Period | | Length of Service | | | Date of Declaration of Probation. |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Date | |
| | | | | | | | |
| **Total Service** | | | | | | | |

Certified that above details in respect of Sri/Smt…………………………………….who is a probationer/approved probationer/Full member of the ………………..(Name of Service) have been verified by me with the service particulars as given in the service Book of the candidate and that they are found correct.

Also Certified that Sri/Smt…………………is eligible to apply for the post of Assistant Professor in Natural Science in Govt. Training Colleges of Collegiate Education Department in By Transfer Recruitment as per part 1 Rule 2(13) of KS&SSR 1958.

Place: Signature

Date: Name & Designation of the Head of Office

(Office Seal)

ഉദ്യോഗാർത്ഥികൾ താഴെപ്പറയുന്ന മാതൃകയിൽ പരിചയ സർട്ടിഫിക്കറ്റ് വാങ്ങി പരിചയം സംബന്ധിച്ച വിശദാംശങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, തസ്തികയുടെ പേര്, കാലയളവ്, നൽകിയ അധികാരിയുടെ പേര്, സ്ഥാപനത്തിന്റെ പേര് മുതലായവ) രേഖപ്പെടുത്തി പരിചയ സർട്ടിഫിക്കറ്റിന്റെ scanned image upload ചെയ്താൽ മാത്രമേ അപേക്ഷ സമർപ്പിക്കൽ സാധ്യമാകുകയുള്ളൂ. ഉദ്യോഗാർത്ഥികൾ പരിചയ സർട്ടിഫിക്കറ്റിന്റെ അസൽ കമ്മീഷൻ, ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## പരിചയ സർട്ടിഫിക്കറ്റ്

സ്കൂൾ/വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേര് :

സർക്കാർ /എയ്ഡഡ് /സ്വകാര്യസ്ഥാപനം :

രജിസ്ട്രേഷൻ നമ്പരും തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :
(സ്വകാര്യസ്ഥാപനങ്ങൾ ആണെങ്കിൽ)

..........................................................................................................................................(ഉദ്യോഗാർത്ഥിയുടെ പേരും മേൽ വിലാസവും) ഈ സ്ഥാപനത്തിൽ ടീച്ചർ തസ്തികയിൽ ...................... രൂപ ദിവസശമ്പളത്തിൽ /മാസശമ്പളത്തിൽ ....................... മുതൽ ................... വരെ (DD/MM/YYYY എന്ന മാതൃകയിൽ രേഖപ്പെടുത്തണം) ............... വർഷം ......... മാസം .......... ദിവസം ജോലിനോക്കിയിട്ടുണ്ട്/ജോലിനോക്കിവരികയാണ് എന്ന് ഇതിനാൽ സർട്ടിഫൈ ചെയ്യുന്നു.

| | |
|---|---|
| തീയതി സഹിതമുള്ള ഒപ്പ് | |
| പേര് | |
| സർട്ടിഫിക്കറ്റ് നൽകുന്ന അധികാരിയുടെ ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

സ്ഥലം:

തീയതി:

(ഓഫീസ് സീൽ)

## സാക്ഷ്യപത്രം

..............................................................എന്ന നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഉടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട ............................................................(ബന്ധപ്പെട്ട രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി ............................................................................... ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ ടീച്ചർ ആയി ജോലി ചെയ്തിരുന്നു/ചെയ്യുന്നുവെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ .................. സംസ്ഥാന / കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ............................................................... എന്ന ചട്ടപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെട്ട ഉദ്യോഗസ്ഥനാണ്.

| | |
|---|---|
| തീയതി സഹിതമുള്ള ഒപ്പ് | |
| ചട്ട പ്രകാരം / നിയമ പ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സാക്ഷ്യപ്പെടുത്തുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക പദവി, സ്ഥാപനത്തിന്റെ പേര് | |

സ്ഥലം:

തീയതി:

(ഓഫീസ് മുദ്ര)

**കുറിപ്പ്:-**

1) എയ്ഡഡ്/സ്വകാര്യ സ്കൂളുകളിൽ നിന്നോ കോളേജുകളിൽ നിന്നോ നൽകുന്ന പരിചയ സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഗവൺമെന്റ് അധികാരി counter sign ചെയ്യേണ്ടതാണ്.

2) പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജസർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന അപേക്ഷകരുടെയും പേരിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**8. അപേക്ഷകൾ അയക്കേണ്ട രീതി**

**(എ)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് log in ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now –ൽ മാത്രം click ചെയ്യേണ്ടതാണ്. പുതുതായി **പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ് ലോഡ് ചെയ്യേണ്ടതാണ്.**

**ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.** നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ Soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ Print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിക്ക് ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം വരുത്തുന്ന തിരുത്തലുകളും അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലം ഉണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യമുണ്ടായിരിക്കുകയുള്ളു.

**(ബി)** ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത് / ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം, പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെകുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാകലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും, അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

**(സി)** ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

**9. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

**എ)** ഉദ്യോഗാർത്ഥി നേരിട്ടുള്ള നിയമനത്തിന് സമർപ്പിച്ച അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ് എസ് എൽ സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലിയർ സർട്ടിഫിക്കറ്റ്/ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

**ബി)** ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ചു മനസ്സിലാക്കിയശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതു വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

**സി)** വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തുപരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ്

അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

10. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **31.12.2025 ബുധനാഴ്ച** അർദ്ധരാത്രി 12.00 മണി വരെ ; പ്രസ്തുത ബുധനാഴ്ച അവധി ദിവസമാണെങ്കിൽ അതിനു തൊട്ടടുത്ത പ്രവൃത്തി ദിവസം അവസാന തീയതിയായി കണക്കാക്കും.

11. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം: www.keralapsc.gov.in

**(ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ പാർട്ട് 2 ൽ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ കൂടി നോക്കുക)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ